ടി.കെ ഉബൈദ്

1199

സൂറ - 43

# അസ്സുഖ്റുഫ്

**സൂക്തം 54-59**

▼

അല്ലാഹുവിന്റെ വിധിവിലക്കുകളാണ് പ്രകൃതി നിയമങ്ങൾ. പ്രകൃതിയെ അക്രമിച്ചാൽ പ്രകൃതി തിരിച്ചടിക്കും. അതിനെയാണ് അല്ലാഹു 'നാം പ്രതികാരം ചെയ്തു' എന്നു പറയുന്നത്.

---

فَٱسْتَخَفَّ قَوْمَهُۥ فَأَطَاعُوهُ ۚ إِنَّهُمْ كَانُوا۟ قَوْمًا فَٰسِقِينَ ﴿٥٤﴾ فَلَمَّآ ءَاسَفُونَا ٱنتَقَمْنَا مِنْهُمْ
فَأَغْرَقْنَٰهُمْ أَجْمَعِينَ ﴿٥٥﴾ فَجَعَلْنَٰهُمْ سَلَفًا وَمَثَلًا لِّلْءَاخِرِينَ ﴿٥٦﴾

*54*

*ഫറവോൻ സ്വജനത്തെ വിഡ്ഢികളാക്കി. അങ്ങനെ അവരവനെ അനുസരിച്ചു. അവർ ധർമധിക്കാരികളായ ജനത തന്നെയായിരുന്നു.*

*55*

*നമ്മെ പ്രകോപിപ്പിച്ചപ്പോൾ ഒടുവിൽ നാം അവരെ തിരിച്ചടിച്ചു. അവരെ കൂട്ടത്തോടെ ആഴിയിൽ മുക്കിയൊടുക്കുകയായിരുന്നു.*

*56*

*അങ്ങനെ നാം അവരെ മുൻഗാമികളും പിൽക്കാലക്കാർക്ക് ഒരുദാഹരണവുമാക്കി.*

| | |
|---|---|
| അവൻ(ഫറവോൻ) സ്വജനത്തെ ലഘൂകരിച്ചു (വിഡ്ഢികളാക്കി) | فَاسْتَخَفَّ قَوْمَهُ |
| അങ്ങനെ അവർ അവനെ അനുസരിച്ചു | فَأَطَاعُوهُ |
| അവർ ധിക്കാരികളായ ഒരു ജനത തന്നെയായിരുന്നു | إِنَّهُمْ كَانُوا قَوْمًا فَاسِقِينَ |
| അവർ നമ്മെ ദുഃഖിതൻ (പ്രകോപിതൻ) ആക്കിയപ്പോൾ | فَلَمَّا آسَفُونَا |
| നാം അവരോട് പ്രതികാരം ചെയ്തു (അവരെ തിരിച്ചടിച്ചു) | انتَقَمْنَا مِنْهُمْ |
| അവരെ എല്ലാവരെയും മുക്കി (കൂട്ടത്തോടെ ആഴിയിൽ മുക്കിയൊടുക്കുകയായിരുന്നു) | فَأَغْرَقْنَاهُمْ أَجْمَعِينَ |
| അങ്ങനെ നാം അവരെ മുൻഗാമികൾ(ളും) ആക്കി | فَجَعَلْنَاهُمْ سَلَفًا |
| ഉദാഹരണവും ആക്കി | وَمَثَلًا |
| പിന്നിലുള്ളവർക്ക് (പിൽക്കാലക്കാർക്ക്) | لِّلْآخِرِينَ |

ഭാരം കുറക്കലും മഹത്വത്തെ ഇകഴ്ത്തലും ഗൗരവമുള്ളതിനെ നിസ്സാരമാക്കലും കടുപ്പവും സങ്കീർണതയുമുള്ളതിനെ ലഘൂകരിക്കലുമൊക്കെയാണ് **استخاف**. അതിൽ നിന്നുള്ള ക്രിയാ വചനമാണ് **استخف**. ഇവിടെ

اسْتَخَفَّ قَوْمَهُ എന്നതുകൊണ്ടർഥമാക്കുന്നത് ഫറവോൻ തന്റെ ജനത്തെ അഹങ്കാരംകൊണ്ടും കപടന്യായങ്ങൾകൊണ്ടും നിസ്സാരരാക്കി, വിഡ്ഢികളാക്കി എന്നാണ്. നീതിയുടെയും നിയമത്തിന്റെയും ലംഘനമായ فسق-ൽ നിന്നുള്ള കർതൃ ബഹുവചനമാണ് فاسقون. നീതിക്കും സത്യത്തിനും വിരുദ്ധമായ നടപടികൾ ആ സമൂഹത്തിന്റെ സ്ഥിരം സ്വഭാവം -ദേശീയ ചര്യ- ആയതുകൊണ്ടാണ് അവരെ كَانُوا قَوْمًا فَاسِقِينَ എന്നു വിശേഷിപ്പിച്ചത്. ദുഃഖവും കോപവും ചേർന്ന വികാരമാണ് أسف. അതിൽനിന്നുള്ള സകർമക ക്രിയാ ബഹുവചനമാണ് آسَفُوا. ദുഃഖത്തെ മാത്രം ഉദ്ദേശിച്ചാണ് ഈ പദം അധികം ഉപയോഗിക്കാറുള്ളത്. ചിലപ്പോൾ കോപത്തെ മാത്രം ഉദ്ദേശിച്ചും ഉപയോഗിക്കും. ഇവിടെ കോപം മാത്രമാണുദ്ദേശ്യമെന്ന് ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. അല്ലാഹു ദുഃഖത്തിനതീതനാകുന്നു എന്നതാണതിനുള്ള ന്യായം. ചിലർ കോപത്തോടു കൂടിയ ദുഃഖം എന്നും അർഥം കൽപിക്കുന്നു. യഥാർഥത്തിൽ അല്ലാഹു മാനുഷികമായ ദുഃഖത്തിനെന്നപോലെ കോപത്തിനും അതീതനാകുന്നു. അല്ലാഹുവിന്റെ കോപം, ദുഃഖം എന്നൊക്കെ പറയുന്നത് متشابهات ആകുന്നു. അതിന്റെ യാഥാർഥ്യം നമുക്കജ്ഞേയമാണ്. അല്ലാഹുവിന്റെ സ്ഥാനത്ത് മനുഷ്യരായിരുന്നുവെങ്കിൽ ദുഃഖിക്കുകയും കോപിക്കുകയും ചെയ്യുന്ന കാര്യം ഉണ്ടായി എന്നേ അല്ലാഹു കോപിച്ചു, ദുഃഖിച്ചു എന്നു പറയുമ്പോൾ അർഥമാക്കേണ്ടതുള്ളൂ. പ്രതികാരം ചെയ്യലാണ് انتقام. അതിൽനിന്നുള്ള ഉത്തമ പുരുഷ ബഹുവചന ക്രിയയാണ് انتَقَمْنَا. അല്ലാഹുവിന്റെ വിധിവിലക്കുകളാണ് പ്രകൃതി നിയമങ്ങൾ. പ്രകൃതിയെ അക്രമിച്ചാൽ പ്രകൃതി തിരിച്ചടിക്കും. അതിനെയാണ് അല്ലാഹു 'നാം പ്രതികാരം ചെയ്തു' എന്നു പറയുന്നത്. ഫറവോൻ ഇസ്രാഈല്യരെ അടിമകളാക്കി ക്രൂരമായി പീഡിപ്പിച്ചു. അവരുടെ ആൺസന്തതികളെ കൊന്നൊടുക്കുകയും സ്ത്രീകളെ മാനഭംഗപ്പെടുത്തുകയും ചെയ്തു. അല്ലാഹു അയച്ച പ്രവാചകനെയും അദ്ദേഹത്തിന്റെ പ്രബോധനത്തെയും പരിഹസിച്ചു തള്ളി. സ്വാതന്ത്ര്യം തേടി ഈജിപ്തുവിട്ട നിരപരാധികളും പാവങ്ങളുമായ ഇസ്രാഈല്യരെ തന്റെ അടിമത്തത്തിൽ തളച്ചിടുന്നതിനുവേണ്ടി പടനയിച്ചു. ഇതിനെല്ലാം അല്ലാഹുവിന്റെ ഭാഗത്തുനിന്നുണ്ടായ പ്രതികാരം അവരാസകലം ആഴിയിൽ മുങ്ങിയൊടുങ്ങുകയായിരുന്നു.

ഉണ്മ(وجود)യിലോ കർമത്തിലോ സ്ഥലത്തോ മറ്റൊന്നിന്റെ മുൻപിലാകുന്നവനാണ് سالف. ഇതിന്റെ ബഹുവചനമാണ് سلف. അഹങ്കാരവും ധിക്കാരവും മൂലം സത്യനിഷേധത്തിൽ ശഠിച്ചുനിൽക്കുന്നവർക്ക് ഫറവോനികളെ പൂർവികരാക്കി എന്നാണ് فَجَعَلْنَاهُمْ سَلَفًا എന്ന വാക്യത്തിന്റെ ആശയം. آخِرِينَ കൊണ്ട് വിവക്ഷിക്കുന്നത് മുഹമ്മദ് നബിയുടെ കാലത്ത് ജീവിക്കുന്നവരും, അദ്ദേഹത്തെയും ദൈവിക ദീനിനെയും തള്ളിപ്പറഞ്ഞവരുമായ സമകാലികരും അതിനുശേഷമുള്ളവരുമാണ്. അവർക്കൊക്കെയും അഹന്തയുടെയും അധർമത്തിന്റെയും ദുരന്തപര്യവസാനത്തിന് ഉദാഹരണമാക്കി എന്നാണ് وَمَثَلًا لِّلْآخِرِينَ -ന്റെ താൽപര്യം.

മൂസാ-ഫറവോൻ ചരിത്രം നേരത്തെ പല സൂറകളിൽ വന്നിരിക്കുന്നു. സൂറ *ത്വാഹാ* 9 മുതൽ 98 വരെ സൂക്തങ്ങൾ അക്കൂട്ടത്തിൽ സുപ്രധാനവും സുവിശദവുമാകുന്നു. ●

**അല്ലാഹുവിന്റെ സ്ഥാനത്ത് മനുഷ്യരായിരുന്നുവെങ്കിൽ ദുഃഖിക്കുകയും കോപിക്കുകയും ചെയ്യുന്ന കാര്യം ഉണ്ടായി എന്നേ അല്ലാഹു കോപിച്ചു, ദുഃഖിച്ചു എന്നു പറയുമ്പോൾ അർഥമാക്കേണ്ടതുള്ളൂ.**

۞ وَلَمَّا ضُرِبَ ٱبۡنُ مَرۡيَمَ مَثَلًا إِذَا قَوۡمُكَ مِنۡهُ يَصِدُّونَ ﴿٥٧﴾ وَقَالُوٓاْ ءَأَٰلِهَتُنَا خَيۡرٌ أَمۡ هُوَۚ مَا ضَرَبُوهُ لَكَ إِلَّا جَدَلَۢاۚ بَلۡ هُمۡ قَوۡمٌ خَصِمُونَ ﴿٥٨﴾ إِنۡ هُوَ إِلَّا عَبۡدٌ أَنۡعَمۡنَا عَلَيۡهِ وَجَعَلۡنَٰهُ مَثَلًا لِّبَنِيٓ إِسۡرَٰٓءِيلَ ﴿٥٩﴾

*57*

*മർയമിന്റെ പുത്രൻ ഉദാഹരിക്കപ്പെട്ടപ്പോൾ നിന്റെ ജനമതാ ബഹളം കൂട്ടുന്നു.*

*58*

*അവർ ചോദിക്കുന്നു: ഞങ്ങളുടെ ദൈവങ്ങളാണോ ശ്രേഷ്ഠം അതല്ല അവനാണോ?*
*അവർ നിന്നോടീ ന്യായം പറയുന്നത് കേവലം കുതർക്കത്തിനു വേണ്ടിയത്രെ.*

*സത്യത്തിൽ കുതർക്കികളായ ജനം തന്നെയാണവർ.*

*59*

*മർയമിന്റെ പുത്രൻ, നാം അനുഗ്രഹം ചൊരിഞ്ഞുകൊടുക്കുകയും ഇസ്രാഈൽ മക്കൾക്ക് ഒരുദാഹരണമാക്കിവെക്കുകയും ചെയ്ത ഒരടിമ മാത്രമാകുന്നു.*

| | |
|---|---|
| മർയമിന്റെ പുത്രൻ ഉദാഹരിക്കപ്പെട്ടപ്പോൾ | وَلَمَّا ضُرِبَ ابْنُ مَرْيَمَ مَثَلًا |
| നിന്റെ ജനമതാ | إِذَا قَوْمُكَ |
| അതിനാൽ ബഹളം കൂട്ടുന്നു | مِنْهُ يَصِدُّونَ |
| അവർ പറഞ്ഞു (ചോദിക്കുന്നു) | وَقَالُوا |
| ഞങ്ങളുടെ ദൈവങ്ങളാണോ ശ്രേഷ്ഠം | أَآلِهَتُنَا خَيْرٌ |
| അതല്ല അവനാണോ? | أَمْ هُوَ |
| അവർ നിനക്ക് അവനെ ഉദാഹരിക്കുന്നില്ല (നിന്നോടീ ന്യായം പറയുന്നത്) | مَا ضَرَبُوهُ لَكَ |
| തർക്കമായിട്ടല്ലാതെ (കേവലം തർക്കത്തിനു വേണ്ടിയത്രെ) | إِلَّا جَدَلًا |
| എന്നാൽ (സത്യത്തിൽ) അവർ | بَلْ هُمْ |
| (കു)തർക്കികളായ ജനം തന്നെയാകുന്നു | قَوْمٌ خَصِمُونَ |
| അവൻ (മർയമിന്റെ പുത്രൻ) അല്ല | إِنْ هُوَ |
| ഒരു അടിമ (മാത്രമാകുന്നു) യല്ലാതെ | إِلَّا عَبْدٌ |
| നാം അവന്റെ മേൽ അനുഗ്രഹിച്ചിട്ടുള്ള (അനുഗ്രഹം ചൊരിഞ്ഞു കൊടുക്കുകയും) | أَنْعَمْنَا عَلَيْهِ |
| നാം അവനെ ആക്കു(ക്കിവെക്കു)കയും ചെയ്ത | وَجَعَلْنَاهُ |
| ഇസ്രാഈൽ മക്കൾക്ക് ഒരു ഉദാഹരണം | مَثَلًا لِّبَنِي إِسْرَائِيلَ |

**ഖുർആൻ അനുസ്മരിക്കുന്ന പ്രവാചകന്മാരെ അവരുടെ സമുദായങ്ങൾ ദൈവങ്ങൾ എന്നാരോപിക്കുന്നില്ല. ദൈവദൂതന്മാരും ഏകദൈവത്വം പ്രബോധനം ചെയ്തവരുമായിട്ടാണ് എല്ലാവരും കരുതപ്പെടുന്നത്.**

ഈ സൂക്തങ്ങളുടെ അവതരണ പശ്ചാത്തലമായി പല സംഭവങ്ങൾ വ്യത്യസ്തമായ രീതികളിൽ ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. അതിൽ ഏറ്റം പ്രബലവും പ്രചുരവുമായ നിവേദനം ഇപ്രകാരമാണ്: إِنَّكُمْ وَمَا تَعْبُدُونَ مِن دُونِ اللَّهِ حَصَبُ جَهَنَّمَ (നിങ്ങളും അല്ലാഹുവിനെ വെടിഞ്ഞ് നിങ്ങൾ ആരാധിച്ചുകൊണ്ടിരിക്കുന്നവയും നരകത്തിന്റെ ഇന്ധനമാകുന്നു) എന്ന 21:98-ാം സൂക്തം അവതരിച്ചപ്പോൾ, അബ്ദുല്ലാഹിബ്നു സിബഅ്റാ എന്നയാൾ പ്രവാചകനോട് തർക്കിച്ചു: താനിപ്പറയുന്നത് ഞങ്ങളുടെ മാത്രം കാര്യമാണോ അതോ എല്ലാ സമുദായങ്ങളുടെയും കാര്യമാണോ? (സിബഅ്റാ അക്കാലത്ത് അവിശ്വാസിയായിരുന്നു). പ്രവാചകൻ പറഞ്ഞു: "നിങ്ങളുടെയും നിങ്ങളുടെ ആരാധ്യരുടെയും എല്ലാ സമുദായങ്ങളുടെയും കാര്യമാണ്." "എങ്കിൽ കഅ്ബയുടെ നാഥനാണ, ഞാൻ നിന്നെ ഖണ്ഡിക്കുന്നു. മർയമിന്റെ മകൻ ഈസാ പ്രവാചകനാണെന്ന് നീ തന്നെ വാദിക്കുന്നില്ലേ? അദ്ദേഹത്തെ ക്രൈസ്തവർ ആരാധിക്കുന്നുവെന്നതിൽ തർക്കമില്ലല്ലോ. അപ്പോൾ ഈസാ നരകത്തിലാണെങ്കിൽ അദ്ദേഹത്തോടൊപ്പം ഞങ്ങളും ഞങ്ങളുടെ ദൈവങ്ങളും നരകത്തിലാകുന്നതിൽ ഞങ്ങൾ സംതൃപ്തരാകുന്നു." ഈ ഭാഷണം അവിടെ സന്നിഹിതരായിരുന്ന ബഹുദൈവ വിശ്വാസികളെ ഏറെ ആഹ്ലാദിപ്പിച്ചു. ഇബ്നു സിബഅ്റാ മുഹമ്മദിന് തക്ക മറുപടി കൊടുത്തു എന്നവർ ഒച്ചവെച്ചു. 21:101-ൽ തന്നെ إِنَّ الَّذِينَ سَبَقَتْ لَهُم مِّنَّا الْحُسْنَىٰ أُولَٰئِكَ عَنْهَا مُبْعَدُونَ(മുന്നാലെ നമ്മിൽ നിന്ന് നന്മനേടിയിട്ടുള്ളവരുണ്ടല്ലോ, അക്കൂട്ടർ നരകത്തിൽനിന്ന് അകറ്റപ്പെട്ടവരാകുന്നു) എന്ന് ഖുർആൻ അവർക്കു മറുപടി നൽകിയിട്ടുണ്ട്. കൂടാതെ 21:98-ൽ وَمَا تَعْبُدُونَ- നിങ്ങൾ

ആരാധിക്കുന്നത്- എന്നാണ് പ്രസ്താവിച്ചത്. അചേതന വസ്തുക്കളെ സൂചിപ്പിക്കാനാണ് **'ما'** എന്ന സംബന്ധികാ പ്രത്യയം ഉപയോഗിക്കുക. സചേതന വസ്തുക്കളെ സൂചിപ്പിക്കുന്ന പ്രത്യയം **من** ആണ്. **وَمن تَعْبُدُونَ** എന്നാണ് വാക്യമെങ്കിലേ സിബഅ്റായുടെ വാദം പ്രസക്തമാകൂ. സംബന്ധികാ പ്രത്യയമായ **'ما'** ഉപയോഗിച്ചതിൽനിന്ന് ഉദ്ദേശ്യം അചേതനമായ വിഗ്രഹങ്ങളും മറ്റുമാണെന്ന് സ്പഷ്ടമാകുന്നു.

ഖുർആൻ അനുസ്മരിക്കുന്ന പ്രവാചകന്മാരെ അവരുടെ സമുദായങ്ങൾ -മുൻഗാമികളും പിൻഗാമികളും- ദൈവങ്ങൾ എന്നാരോപിക്കുന്നില്ല. ദൈവദൂതന്മാരും ഏകദൈവത്വം പ്രബോധനം ചെയ്തവരുമായിട്ടാണ് എല്ലാവരും കരുതപ്പെടുന്നത്. ഈസാ(അ) ഇതിനപവാദമാണ്. അദ്ദേഹത്തിന്റെ കാലശേഷം അനുയായികൾ, അദ്ദേഹം ദൈവവും ദൈവപുത്രനും ത്രിത്വത്തിൽ ഒരംഗവുമൊക്കെയാണെന്ന് ആരോപിക്കുകയും ആരാധിക്കുകയും ചെയ്തുവന്നു. ഈ വിശ്വാസവും ആരാധനയും ഈസാ(അ) ഉപദേശിച്ചതാണെന്ന് ആദ്യകാല അനുയായികളുടെ പിന്മുറക്കാരും ഇതര സമുദായങ്ങളും വിചാരിക്കുക സ്വാഭാവികം. 45-ാം സൂക്തം, അല്ലാഹു അവനല്ലാതെ ആരാധിക്കപ്പെടുന്ന ബഹുദൈവങ്ങളെ നിശ്ചയിച്ചു തന്നിട്ടുണ്ടോ എന്ന് പൂർവ പ്രവാചകന്മാരിലാരോടു വേണമെങ്കിലും ചോദിച്ചു നോക്കുക' എന്നു പറഞ്ഞപ്പോൾ ഉപരി സൂചിത തെറ്റുധാരണയുടെ അടിസ്ഥാനത്തിൽ ഇബ്നു സിബഅ്റായും കൂട്ടരും പിന്നെയും ബഹളം വയ്ക്കാൻ തുടങ്ങി: മുഹമ്മദും ഖുർആനും പ്രകീർത്തിക്കുന്ന ഈസായെ നസ്രായർ ആരാധിക്കുന്നുണ്ട്. വാസ്തവത്തിൽ നസ്രായരെക്കാൾ സന്മാർഗികളാണ് ഞങ്ങൾ. അവർ ആരാധിക്കുന്നത് ഒരു മനുഷ്യനെയാണല്ലോ. ഞങ്ങളാരാധിക്കുന്നത് മലക്കുകളെയാണ്. അതുകൊണ്ട് അല്ലാഹു അല്ലാത്തവരെ ആരാധിക്കുന്നതിന്റെ പേരിൽ മുഹമ്മദിന്റെ വിമർശനം അർഹിക്കുന്നത് ഞങ്ങളല്ല, നസ്രായരാണ്. ഈ ആക്ഷേപത്തിനുള്ള മറുപടിയാണ് പ്രകൃത സൂക്തങ്ങൾ.

ഏകദൈവത്വം പ്രബോധനം ചെയ്ത പൂർവ പ്രവാചകന്മാർക്ക് ഉദാഹരണമായി ഈസാ(അ) ചൂണ്ടിക്കാണിക്കപ്പെടുമ്പോൾ നിന്റെ ജനം -ഈ ഖുറൈശികൾ- ബഹളം വെക്കുകയാണ്. തടയുക എന്നും അവഗണിച്ചു തള്ളുക എന്നും ബഹളം കൂട്ടുക എന്നും അർഥമുള്ള **صَدّ**-ൽനിന്നും **صدود**-ൽനിന്നുമുള്ള ക്രിയാവചനമാണ് **يَصِدُّونَ**. ഒടുവിൽ പറഞ്ഞതാണ് ഇവിടെ ഉദ്ദേശ്യം. വലിയ വായിൽ അവർ ചോദിക്കുന്നു: നസ്രായർ ആരാധിക്കുന്ന, മനുഷ്യനായി ജനിച്ച് കുരിശിലേറ്റപ്പെട്ടു മരിച്ചുപോയ ഈസായാണോ ശ്രേഷ്ഠൻ, അതല്ല ഞങ്ങൾ ആരാധിക്കുന്ന മലക്കുകളും ജിന്നുകളും മറ്റു ദേവീദേവന്മാരുമാണോ? ഖുറൈശീ മൂപ്പന്മാർ മുഹമ്മദ് നബിയോട് ഈസായെക്കുറിച്ചു പറയുന്നത് തർക്കിക്കാൻ വേണ്ടി മാത്രമാണ്; അല്ലാതെ അദ്ദേഹത്തിന്റെ യാഥാർഥ്യമെന്തെന്നറിഞ്ഞുകൊണ്ടോ അദ്ദേഹത്തിൽ വിശ്വസിച്ചു കൊണ്ടോ അല്ല. ഈസാ(അ)യിലോ അദ്ദേഹത്തിന്റെ പ്രബോധനത്തിലോ വിശ്വസിക്കുന്നവരല്ല ഖുറൈശികൾ. കുതർക്കികളായ ജനമാണീ കൂട്ടർ. തർക്കത്തിലെ എതിർകക്ഷിയും പ്രതിവാദിയുമാണ് **خَصْم**. തന്റെ വാദം ശരിയല്ല എന്ന് ബോധ്യപ്പെട്ടിട്ടും പിടിവാശിയോടെ അതിൽ ഉറച്ചു നിൽക്കുന്നവനാണ് **خَصِمْ**.

ഈസാ(അ) അല്ലാഹുവിന്റെ അടിമകളിൽ ഒരടിമ മാത്രമാണ്. അല്ലാതെ, അല്ലാഹുവിന്റെ പുത്രനോ അംശമോ പങ്കാളിയോ ഒന്നുമല്ല. അല്ലാഹു സവിശേഷമായ അനുഗ്രഹങ്ങളരുളിയ അടിമയാണദ്ദേഹം. കളിമണ്ണുകൊണ്ട് പക്ഷിരൂപമുണ്ടാക്കി അതിനെ ജീവനുള്ള പക്ഷിയാക്കി പറപ്പിക്കാനും, ഔഷധ പ്രയോഗങ്ങളും ചികിത്സാ മുറകളുമില്ലാതെ മാറാരോഗികളെ സുഖപ്പെടുത്താനും കാണാമറയത്തുള്ള വസ്തുക്കളെന്താണെന്ന് കൺമുമ്പിലിരിക്കുന്നതുപോലെ പറയാനുമൊക്കെ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. എല്ലാം അല്ലാഹുവിന്റെ അനുമതിയാലും അനുഗ്രഹത്താലും -**بإذنه**- ആണ് അദ്ദേഹത്തിന് സാധിച്ചത്. ഇസ്രാഈല്യർക്ക് അദ്ദേഹത്തെ ഒരു **مَثَل** ആക്കി വെക്കുകയും ചെയ്തു. **مثل**-ന് ഉദാഹരണമെന്നും മാതൃകയെന്നും പാഠമെന്നും സമാനമെന്നും മിതമായതെന്നും ഒക്കെ അർഥമുണ്ട്. മാതൃക, ഉദാഹരണം, പാഠം എന്നീ അർഥങ്ങളാണ് ഇവിടെ യോജിക്കുന്നത്. ഈസാ(അ)ന്റെ പിതാവില്ലാതുള്ള ജനനവും കുരിശു മരണത്തിൽനിന്നുള്ള അത്ഭുതകരമായ രക്ഷപ്പെടലും അദ്ദേഹത്തിന്റെ കരങ്ങളിലൂടെ പ്രത്യക്ഷമായ ദിവ്യാത്ഭുതങ്ങളുമെല്ലാം അല്ലാഹുവിന്റെ സൃഷ്ടിവൈഭവവും സർവാധികാരവും വിളിച്ചോതുന്ന ഉദാഹരണങ്ങളാകുന്നു. നൈതിക-ധാർമിക മൂല്യങ്ങൾ മുറുകെ പിടിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ സാത്വിക ജീവിതം അവർക്ക് വിശിഷ്ടമായ മാതൃകയുമായിരുന്നു. ●

**ഈസാ(അ) അല്ലാഹുവിന്റെ അടിമകളിൽ ഒരടിമ മാത്രമാണ്. അല്ലാതെ, അല്ലാഹുവിന്റെ പുത്രനോ അംശമോ പങ്കാളിയോ ഒന്നുമല്ല.**